# ഭയാനകമായ നിസ്സംഗത

**2002-ൽ** ഗുജറാത്തിലുണ്ടായ കലാപം പെട്ടെന്നുണ്ടായ ബഹുജന ക്ഷോഭത്തിന്റെ ഫലമായിരുന്നില്ല; ആസൂത്രിതവും സുസജ്ജവുമായ വംശഹത്യാ കാമ്പയിനായിരുന്നു. സംസ്ഥാന ഗവൺമെന്റും അതിന്റെ പോലീസ് സേനയും സംഘ്പരിവാർ സംഘടനകളും തോളോടു തോൾ ചേർന്ന് നടത്തിയതാണാ കാമ്പയിൻ. ഈ വസ്തുത നിഷ്പക്ഷ മാധ്യമപ്രവർത്തകരും കലാപഭൂമി സന്ദർശിച്ച മതേതര രാഷ്ട്രീയ നേതാക്കളും സാംസ്കാരിക നായകന്മാരും അന്നുതന്നെ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. മോഡി സർക്കാർ കലാപത്തിന്റെ ഇരകളോട് കൈക്കൊള്ളുന്ന ക്രൂരമായ അവഗണനയും കലാപത്തിൽ പങ്കെടുത്ത നേതാക്കളെയും സാമൂഹികവിരുദ്ധരെയും നിയമത്തിന്റെ പിടിയിൽനിന്ന് രക്ഷപ്പെടുത്താൻ കൈക്കൊണ്ടുവരുന്ന കുടിലതന്ത്രങ്ങളും, നിഷ്പക്ഷമതികളുടെ കണ്ടെത്തലുകളെ സാക്ഷ്യപ്പെടുത്തുന്നുമുണ്ട്. എങ്കിലും അതൊക്കെ വെറും ഊഹാപോഹങ്ങളും ഹിന്ദുത്വക്കും ഗുജറാത്ത് സർക്കാറിനുമെതിരെയുള്ള ദുരാരോപണങ്ങളുമായി തള്ളിക്കളയുകയായിരുന്നു മോഡിയും ബി.ജെ.പിയും ഇതുവരെ. എന്നാൽ കഴിഞ്ഞ ഒക്ടോബർ അന്ത്യവാരത്തിൽ ദൽഹിയിലെ *തെഹൽക* വാരിക പുറത്തുവിട്ട അന്വേഷണ റിപ്പോർട്ട് ഗുജറാത്തിലെ മുസ്‌ലിം നശീകരണത്തിന്റെ സത്യങ്ങൾ അനിഷേധ്യമാംവണ്ണം അനാവരണം ചെയ്തിരിക്കുകയാണ്. നേരത്തേ അറിഞ്ഞ കാര്യങ്ങളെല്ലാം സത്യമായിരുന്നുവെന്ന് മാത്രമല്ല ആ സത്യം മനസ്സിലാക്കപ്പെട്ടിരുന്നതിലേറെ ഭീകരവും രാക്ഷസീയവുമായിരുന്നുവെന്നും അത് വെളിപ്പെടുത്തുന്നു. *തെഹൽക* പ്രവർത്തകർ ആറുമാസക്കാലം അധ്വാനിച്ച് ഒളികാമറയുടെ സഹായത്തോടെ ഒപ്പിയെടുത്ത് അവതരിപ്പിക്കുന്ന ദൃശ്യങ്ങൾ ഇന്ത്യയുടെ മതേതര മനസ്സാക്ഷിയെ മാത്രമല്ല മനുഷ്യത്വത്തതന്നെ ഞെട്ടിക്കുന്നതാണ്.

നിഷ്ഠുരമായ കുറ്റകൃത്യങ്ങൾ അവ ചെയ്തവർതന്നെ ഏറ്റുപറയുന്നത് *തെഹൽക*യിലൂടെ നാം കേൾക്കുകയും കാണുകയും ചെയ്യുന്നു. ഗർഭിണിയുടെ വയറ് കുത്തിക്കീറി കുഞ്ഞിനെ പുറത്തിട്ടതും, നരോദപാട്യയിലെ കൂട്ടക്കൊലക്ക് പോലീസ് സഹായത്തോടെ നേതൃത്വം നൽകിയതും താനാണെന്ന് ശിവസേനാ നേതാവ് ബാബു ബജ്രംഗി സാഭിമാനം വിളിച്ചുപറയുന്നു. സുരേഷ് റിച്ചാർഡ്, ഹരേഷ്ഭട്ട്, അരവിന്ദ് പാണ്ഡ്യ, രമേശ് ദാവേ എന്നിങ്ങനെ നിരവധി പ്രമുഖരുടെ പങ്ക് ഈവിധം വെളിപ്പെടുന്നുണ്ട്. മുഖ്യമന്ത്രി നരേന്ദ്ര മോഡിയും മോഡിയുടെ പോലീസും വംശഹത്യക്ക് നൽകിയ അനുവാദവും ഉദാരമായ സഹായസഹകരണങ്ങളും വംശശുദ്ധി കർത്താക്കൾ നന്ദിപൂർവം അനുസ്മരിക്കുന്നു. കലാപകാരികൾക്കുവേണ്ടി ബോംബുകൾ നിർമിച്ചത് തന്റെ വെടിമരുന്നു നിർമാണശാലയിലാണെന്ന് പറയുന്നത് ഗോധ്ര എം.എൽ.എ ഹരേഷ് ഭട്ടാണ്. വി.എച്ച്.പി നേതാവ് ധവൾ ജയന്തി പട്ടേലിന്റെ കാറിയിലും ധാരാളം ബോംബുകൾ നിർമിക്കപ്പെട്ടു. മധ്യപ്രദേശ്, യു.പി, ബിഹാർ, പഞ്ചാബ് തുടങ്ങിയ സംസ്ഥാനങ്ങളിലെ സംഘ്പരിവാർ കേന്ദ്രങ്ങൾ കലാപകാരികൾക്ക് പിസ്റ്റളുകളും വാളുകളും എത്തിച്ചുകൊടുത്ത കഥയും വിവരിക്കപ്പെടുന്നു. കലാപത്തിന് നിമിത്തമായി ഉന്നയിക്കപ്പെടുന്ന ഗോധ്ര തീവണ്ടി ദുരന്തം, പ്രചരിപ്പിക്കപ്പെട്ടതുപോലെ മുസ്‌ലിംകൾ ആസൂത്രണം ചെയ്തുനടത്തിയതല്ലെന്നും *തെഹൽക* വെളിപ്പെടുത്തുന്നുണ്ട്.

ഇതിനു മുമ്പ്, പ്രതിരോധ ഇടപാടിലെ അഴിമതിയും പാർലമെന്റിൽ ചോദ്യം ചോദിക്കാൻ എം.പിമാർ തൽപരകക്ഷികളിൽനിന്ന് കൈക്കൂലി വാങ്ങുന്നതും ഇതുപോലെ ഒളികാമറാ ഓപ്പറേഷനിലൂടെ വെളിപ്പെടുത്തപ്പെട്ടപ്പോൾ അത് രാജ്യത്ത് വൻകോളിളക്കം സൃഷ്ടിക്കുകയുണ്ടായി. പക്ഷേ താരതമ്യേന അവയേക്കാൾ ഗുരുതരമായ ഗുജറാത്ത് വംശഹത്യാ രഹസ്യങ്ങൾ വെളിപ്പെടുത്തപ്പെട്ടിട്ടും കാര്യമായ പ്രതികരണങ്ങളുണ്ടാകുന്നില്ല. കലാപത്തിൽ മോഡി സർക്കാറിന്റെ പങ്ക് തെളിഞ്ഞു എന്ന പ്രസ്താവനയിലൊതുങ്ങി കേന്ദ്രഭരണത്തിന് നേതൃത്വം നൽകുന്ന കോൺഗ്രസ്സിന്റെ പ്രതികരണം. യു.പി.എയിലെ ഇതര ഘടകകക്ഷികളും മിണ്ടുന്നില്ല. കേന്ദ്ര സർക്കാറിനെ പുറമെനിന്ന് പിന്തുണക്കുന്ന ഇടതുപക്ഷ പാർട്ടികളാണ് മോഡി സർക്കാറിനെ പുറത്താക്കണമെന്നും ഗുജറാത്ത് കലാപം സി.ബി.ഐയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നും ആവശ്യപ്പെട്ടത്. മനുഷ്യാവകാശ കമീഷനും സി.ബി.ഐ അന്വേഷണം ആവശ്യപ്പെട്ടിരിക്കുന്നു. ഈ ആവശ്യങ്ങളോടും കോൺഗ്രസ് ഗവൺമെന്റ് പ്രതികരിച്ചിട്ടില്ല.

ബി.ജെ.പിയും എൻ.ഡി.എയിലെ ഘടകകക്ഷികളും *തൽഹക* വെളിപ്പെടുത്തലുകളെ തള്ളിപ്പറയുന്നത് മനസ്സിലാക്കാവുന്നതേയുള്ളൂ. പക്ഷേ ഭരണകക്ഷിയായ യു.പി.എ അതിനോട് പുലർത്തുന്ന നിലപാട് അപലപനീയമാണ്. ആസന്നമായ സംസ്ഥാന തെരഞ്ഞെടുപ്പിൽ ഗുജറാത്തിലെ ഭൂരിപക്ഷം ഹൈന്ദവ മനസ്സുകളെ ആവേശിച്ച ഹിംസാത്മക വർഗീയ ഭൂതത്തെ അലോസരപ്പെടുത്താതിരിക്കുന്നതാണ് രാഷ്ട്രീയമായി തങ്ങൾക്ക് ഗുണകരം എന്നാണ് കോൺഗ്രസ് കരുതുന്നതെന്ന് വ്യക്തം. ഈ നിസ്സംഗത ഭയാനകമാണ്. മുസ്‌ലിം വംശഹത്യയെ ബി.ജെ.പിയെപ്പോലെ കോൺഗ്രസ്സും അനുകൂലിക്കുന്നു എന്ന ആപൽക്കരമായ സന്ദേശമാണിത് നൽകുന്നത്.

ഇന്ത്യയുടെ മതേതരത്വത്തിനും ജനാധിപത്യത്തിനും ബഹുസ്വരതക്കുമെതിരെ ഗുജറാത്തിൽ വളർന്നുവരുന്ന മഹാഭീഷണിയാണ് *തെഹൽക* ചൂണ്ടിക്കാണിക്കുന്നത്. പൗരസഞ്ചയത്തിലൊരു വിഭാഗത്തെ വംശീയമായി ഉന്മൂലനം ചെയ്യുക അധികാരത്തിലെത്താനുള്ള കുറുക്കുവഴിയാണെന്ന അവസ്ഥ ജനാധിപത്യ ഇന്ത്യ ഒരു കാരണവശാലും വെച്ചുപൊറുപ്പിക്കാവതല്ല. ഗുജറാത്തിൽ അങ്ങനെയൊരു അന്തരീക്ഷമുണ്ടെങ്കിൽ അത് നമ്മുടെ മതേതരത്വത്തിന്റെയും ജനാധിപത്യത്തിന്റെയും ദയനീയമായ പരാജയമാണ്; ദേശീയബോധത്തെ ബാധിച്ച മാരകരോഗമാണ്. ഗുരുതരമായ ഇത്തരം പരാജയങ്ങളുമായി പൊരുത്തപ്പെടുകയോ രോഗങ്ങളെ മുതലെടുക്കുകയോ അല്ല മതേതര ജനാധിപത്യത്തോട് പ്രതിബദ്ധതയുള്ള രാഷ്ട്രീയ പാർട്ടികളുടെ ഉത്തരവാദിത്വം. പ്രത്യുത എന്തു വിലകൊടുത്തും പരാജയങ്ങൾ പരിഹരിക്കുകയും രോഗങ്ങൾ ചികിത്സിച്ചു മാറ്റുകയുമാണ്. താൽക്കാലിക തെരഞ്ഞെടുപ്പ് നേട്ടങ്ങൾക്കപ്പുറം ഗുജറാത്തിന്റെ മനസ്സിനെ ബാധിച്ച പരമതവിദ്വേഷ വർഗീയഭൂതത്തെ ഒഴിപ്പിക്കുക ഒരു മഹാദൗത്യമായി ഏറ്റെടുക്കാൻ ഉത്തരവാദിത്വബോധമുള്ള രാഷ്ട്രീയ കക്ഷികൾ തയാറാവേണ്ടിയിരിക്കുന്നു. മതേതര- ജനാധിപത്യ-സമുദായ സൗഹാർദ ആശയങ്ങളിൽ ബഹുജനങ്ങളെ ബോധവത്കരിക്കുകയും അതിനെതിരായി പ്രവർത്തിക്കുന്ന അക്രമാസക്തരെ കർശനമായി ശിക്ഷിക്കുകയുമാണ് അതിനുള്ള മാർഗം. മരിക്കുന്നതിനു മുമ്പ് ആയിരത്തഞ്ഞൂറു മുസ്‌ലിംകളെ ഒന്നിച്ചു ചുട്ടുകൊല്ലാനവസരം ലഭിക്കണമെന്ന അന്ത്യാഭിലാഷം പേറുന്ന പൈശാചിക മനസ്സുകളെ നിസ്സംഗമായി നോക്കിനിൽക്കുന്ന പാർട്ടികളും അത്തരം രാക്ഷസന്മാർക്ക് അംഗത്വമുള്ള പാർട്ടികളും തമ്മിൽ അകലം വളരെ കുറവാണെന്നോർക്കണം; ഈ യാഥാർഥ്യം അവഗണിക്കപ്പെട്ടാൽ ഗുജറാത്തിന്റെ മാരക രോഗം ഇതര സംസ്ഥാനങ്ങളിലേക്ക് പകരാൻ ഏറെ സമയം വേണ്ടിവരില്ലെന്നും. ◆